(ഡി) വിശദമായ പഠനറിപ്പോർട്ട് സമർപ്പിച്ചത് ഡി.എം.ആർ.സി.-യാണ്.

(ഇ) പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

കൊല്ലം ബൈപ്പാസ് നിർമ്മാണം

271 (1315) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ബൈപാസ്സ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) കേന്ദ്രഗതാഗത മന്ത്രാലയം ടെണ്ടർ അംഗീകരിച്ചോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് വരുന്ന തുക എത്രയെന്നും നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കുമെന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) 50% കേന്ദ്രസഹായത്തോടെ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിനായി 277.24 കോടി രൂപയുള്ള കരാർ വച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനർനിർമ്മാണ നടപടികൾ

272 (1316) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനഃനിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ;

(ബി) എന്നാണ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത്, എത്ര രൂപയുടേതായിരുന്നു അനുമതി, ഇതിനുശേഷം എത്ര പ്രാവശ്യം എസ്റ്റിമേറ്റ് തുക പുതുക്കി, ഏറ്റവും പുതിയ എസ്റ്റിമേറ്റ് എത്ര തുകയാണ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ ;

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെയാണ് ലഭ്യമായത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly.